മലയാളം ടി.വി. സീരിയലുകൾ

74 (4109) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയാളം ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങൾ ഇല്ല. എന്നാൽ കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995 പ്രകാരം സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. പ്രക്ഷേപണം ചെയ്യുന്ന പരിപാടികളുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിലുപരി, ബ്രോഡ്കാസ്റ്റിംഗ് നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള പരിപാടികളെക്കുറിച്ചുള്ളള പരാതികൾ ശിപാർശ ചെയ്ത് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ സമിതിക്ക് അധികാരമുളളത്. സംപ്രേക്ഷണം ചെയ്യപ്പെടുന്ന പരിപാടികളിന്മേലുള്ള പൂർണ്ണ നിയന്ത്രണം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽ നിഷിപ്തമാണ്.

കലാകാരപെൻഷൻ

75 (4110) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ കഥാപ്രസംഗരംഗത്ത് പ്രവർത്തിക്കുന്നവർ, പ്രൊഫഷണൽ നാടകരംഗത്തെ വിവിധ വിഭാഗം കലാകാരന്മാർ, ശബ്ദക്രമീകരണ വിദഗ്ധർ, ഗായകർ, സീരിയൽ രംഗത്തെ കലാകാരന്മാർ എന്നിവർ എത്ര വീതം എന്നത് സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ; കണക്ക് ലഭ്യമല്ല എങ്കിൽ ആയതിനായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എത്രയുക കുടിശ്ശികയുണ്ടെന്നും നാളിതുവരെ ഇൻഷ്വറൻസ്, മെഡിക്കെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ നാടക സംഘങ്ങൾ ഏതെല്ലാം എന്നും അതിൽ എത്ര അംഗങ്ങളുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാളിതുവരെ കലാകാര പെൻഷൻ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി എന്നിവയ്ക്കായി നല്കിയ സഹായം എത്രയെന്നും ക്ഷേമനിധി അംഗങ്ങൾ എത്രയെന്നും എത്ര പേർക്ക് ഇതിൽനിന്നും പ്രതിമാസ പെൻഷൻ നൽകിയെന്നും അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കുള്ള അടിയന്തര ചികിത്സാ സഹായം, ഇൻഷ്വറൻസ്, മെഡിക്ലെയിം എന്നിവ ഈ സർക്കാർ കാലയളവിനുള്ളിൽ ഓരോ വർഷവും എത്രപേർക്ക് നൽകിയെന്നും ഇതിനായി ലഭിച്ച സർക്കാർ സഹായം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കലാപ്രവർത്തകർക്ക് കേരള സംഗീത നാടക അക്കാഡമി മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അതുവഴി 2011 മുതൽ 2015 വരെ ഓരോവർഷവും എത്രപേർക്ക് എത്രയുക വീതം നൽകി എന്നും ഇതിനായി ലഭിച്ച ധനസഹായം എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളാകാത്ത, വൃദ്ധരും സ്ഥിരരോഗി കളായവരും നിരാലംബരുമായ കലാകാരന്മാരെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള ചികിത്സ, താമസം, ജീവിതസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താൻ എന്ത നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കലാകാരന്മാരുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. സാംസ്കാരിക വകുപ്പിൻകീഴിൽ ഒരു വെബ് സൈറ്റ് രൂപീകരിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത സൈറ്റിൽ ഡേറ്റാബേസ് ഉൾപ്പെടുത്താനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സാംസ്കാരിക വകുപ്പിന് കീഴിലെ കലാകാരപെൻഷൻ പദ്ധതിയിൽ വിവിധ കലകളിൽപ്പെട്ട ആകെ 2651 കലാകാരന്മാർക്ക് പ്രതിമാസം 750 രൂപ വീതം പെൻഷൻ നൽകിവരുന്നു. ഈ പദ്ധതിയിൽ ആർക്കും തന്നെ കുടിശ്ശികയില്ല.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ 6750 പേർ അംഗങ്ങളായിട്ടുണ്ട്. അവരിൽ 1461 പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മൂന്ന് മാസത്തെ (3000 രൂപ വീതം 43,83,000 രൂപ) കുടിശ്ശിക ഉണ്ട്. ഓണത്തോടനുബന്ധിച്ച് കുടിശ്ശിക മുഴുവൻ നൽകുന്നതാണ്. ഈ ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ്, മെഡിക്ലെയിം പദ്ധതി ഏർപ്പെടുത്തിയിട്ടില്ല.

കേരള സംഗീത നാടക അക്കാദമിയിൽനിന്നും ഇൻഷ്വറൻസ് മെഡി ക്ലെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ നാടകസമിതികളുടെ പേരും എണ്ണവും അടങ്ങിയ വിവരം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly